LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡ് പുതുക്കൽ

198(1265) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ അനിശ്ചിതമായി നീണ്ടു പോകുന്നതു കാരണം താലൂക്ക് സപ്ലൈ ആഫീസുകളിൽ നിന്നും നിലവിലുള്ള കാർഡുകളിൽ പേരു ചേർക്കുന്നതിനും, പുതിയ വീട്ടുമസ്ഥർക്ക് കാർഡ് അനുവദിച്ചു കിട്ടുന്നതിനും സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനിശ്ചിതമായി നിണ്ടുപോകുന്നില്ല. പുതിയ കാർഡുകൾ കൃത്യതയോടെ ഗുണഭോക്താവിന് ലഭ്യമാക്കാനുള്ള സമയം മാത്രമാണ് എടുക്കുന്നത്.

(ബി) പുതിയ കാർഡ് വേണ്ടവർക്കും/പുതിയ വീട്ടുമസ്ഥർക്കും ആവശ്യമായ ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകാൻ താലൂക്ക്/സിറ്റി റേഷനിംഗ് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ ഗുണഭോക്താവിന് റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യവും ലഭിക്കും. പുതിയ കാർഡ് ലഭിക്കുന്നതുവരെ ഇപ്പോഴുള്ള കാർഡ് ഉപയോഗിക്കാം. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ

199(1266) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ എല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; എ.പി.എൽ., ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങൾക്ക് എന്തെല്ലാം സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നുണ്ട് ;

(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവൽരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടോ ; സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ടോ ; എപ്പോൾ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കും ;

(സി) നിലവിൽ ആനുകൂല്യങ്ങൾ ലഭിച്ചിരുന്ന ബി.പി.എൽ. കാർഡുകൾക്കു പകരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ടോ ; ഇത്തരം കാർഡുകൾ ഏർപ്പെടുത്തുന്നത് ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പരിമിതി പ്പെടുത്താനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എ.പി.എൽ., ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- എ.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം കി.ഗ്രാമിന് 8.90 രൂപ നിരക്കിൽ 9 കി. ഗ്രാം അരിയും എ.പി.എൽ. സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡ് ഉടമകൾക്ക് പ്രതിമാസം 2 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും എ.പി.എൽ. വിഭാഗത്തിലെ എല്ലാ കാർഡുടമകൾക്കും 3 കി.ഗ്രാം ഗോതമ്പ് 6.70 രൂപ നിരക്കിലും 2 കി.ഗ്രാം ആട്ട 15 രൂപ നിരക്കിലും വിതരണം ചെയ്യുവരുന്നുണ്ട്.
- ബി.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം കി.ഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും രണ്ട് രൂപ നിരക്കിൽ 8 കി.ഗ്രാം ഗോതമ്പും ബി.പി.എൽ., എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കി.ഗ്രാമിന് 13.50 രൂപ നിരക്കിലും വിതരണം ചെയ്യുന്നുണ്ട്.
- എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും മാസത്തിൽ മണ്ണെണ്ണ സ്റ്റോക്കിലെ ലഭ്യത അനുസരിച്ച് ½ അല്ലെങ്കിൽ 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്.

(ബി) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഭുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ നടപ്പാക്കി വരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കംപോണന്റ് 1-നായി (ഭുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ആകെയുള്ള 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ചു നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം 7.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 1-4-2016 മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ. കാർഡുകൾക്ക് പകരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ട്. ഇപ്രകാരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്തുമ്പോൾ നഗര/ഗ്രാമ പ്രദേശങ്ങളിൽ യഥാക്രമം 39.5% പേർക്കും 52.63% പേർക്കും മുൻഗണനാ വിഭാഗത്തിനുള്ള ആനുകൂല്യം ലഭ്യമാകുന്ന ആൾക്കാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. തുടർന്നും എല്ലാവർക്കും റേഷൻ സംവിധാനം ലഭ്യമാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.